**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1382** **01-02-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ, ശ്രീ. വി. ആർ. സുനിൽകുമാർ, ശ്രീ ഇ ചന്ദ്രശേഖരൻ, ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കും വികസനത്തിനും സഹായകമായ ആശയങ്ങളും പദ്ധതികളും ടൂറിസം നിക്ഷേപക സംഗമത്തിലൂടെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടലുകൾ, റിസോർട്ടുകൾ മുതലായവ അടങ്ങിയ ഹോസ്പിറ്റാലിറ്റി മേഖല, സസ്റ്റെയിനബിൾ/ഫാം/അഗ്രിക്കൾച്ചർ ടൂറിസം മേഖല, റിക്രിയേഷണൽ /എന്റർടെയിൻമെന്റ് ടൂറിസം, കാരവൻ ടൂറിസം, MICE ടൂറിസം, ഹെലിടൂറിസം, സ്പോർട്സ്, ക്രൂയിസ്/യാട്ട് ടൂറിസം, വെൽനെസ്സ് ടൂറിസം, ഫിലിം ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം തുടങ്ങി വിവിധ മേഖലകളിൽ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഗമത്തിൽ നിക്ഷേപകർ അവതരിപ്പിച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം അനുബന്ധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ; | (ബി) | നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ച് വരികയാണ്. ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 ന് ശേഷമുള്ള ഫോളോ അപ് പ്രവർത്തനങ്ങളുടെ സുഗമവും വിജയകരവുമായ നടത്തിപ്പിന് 16.01.24 ലെ സ.ഉ (സാധാ)നം. 21/2024/TSM പ്രകാരം ഒരു ടെമ്പററി ഫെസിലിറ്റേഷൻ സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, മോണിറ്ററിംഗ് കമ്മിറ്റി, പ്രോജക്ട് എക്സിക്യൂഷൻ ടീം , എന്നിവയുടെ രൂപീകരണം, ഏകജാലക സംവിധാനം വഴിയുള്ള അനുമതികൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി – യുമായുള്ള സഹകരണം, മുതലായവ സംബന്ധിച്ച് നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (സി) | ഉത്തരവാദിത്ത ടൂറിസം മേഖലയിൽ അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റാനാകുംവിധം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ഉയർന്നുവന്നിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | സസ്റ്റെയിനബിൾ ഫാം ടൂറിസം, ഫുഡ് ടൂറിസം, എക്സിപീരിയൻഷ്യൽ ടൂറിസം, സ്പൈസ് ഗാർഡൻ വിത്ത് ആയുർവേദിക് റിസോർട്ട്, മറ്റ് ചെറുകിട ഇക്കോ – ഹോസ്പിറ്റാലിറ്റി സംരംഭങ്ങൾ തുടങ്ങി |

| | | | |
|---|---|---|---|
| | | | ഉത്തരവാദിത്ത ടൂറിസം മേഖലയിൽ വിവിധ സാധ്യതകൾ ഉയർന്നു വന്നിട്ടുണ്ട്. |
| (ഡി) | നിക്ഷേപക സൗഹൃദ പരിപാടികൾ ആഗോള ടൂറിസം നിക്ഷേപകസംഗമത്തിന് സഹായകമായിട്ടുണ്ടോ; സംസ്ഥാനത്ത് എല്ലാവർഷവും ടൂറിസം നിക്ഷേപകസംഗമം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | ഉണ്ട്. വരും വർഷങ്ങളിൽ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ തുടർ പതിപ്പുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ